**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4935** **11-08-2021 - ൽ മറുപടിയ്ക്ക്**

**പക്ഷാഘാത ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്, ശ്രീ . എൻ . ഷംസുദീൻ , ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. യു.എ.ലത്തീഫ്** | | **Smt Veena George (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പക്ഷാഘാതമുണ്ടാകുന്ന രോഗികളുടെ എണ്ണം കൂടുതലാണെന്ന ഐ. സി. എം.ആർ. -ന്റെ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) രണ്ട് തരത്തിലുള്ള പക്ഷാഘാത രജിസ്ട്രികളാണ് തയ്യാറാക്കുന്നത്. ഇതിൽ ജനസംഖ്യാധിഷ്ഠിതമായ സ്ട്രോക്ക് രജിസ്ട്രി തയ്യാറാക്കുന്നതിൽ കേരള സംസ്ഥാനത്തെ ഉൾപ്പെടുത്തിയിട്ടില്ല. ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസ് പ്രസിദ്ധീകരിച്ച് ജീവവിതശൈലി രോഗങ്ങളുടെ റിപ്പോർട്ടിൽ അവികസിത വികസ്വര രാജ്യങ്ങളിൽ പക്ഷാഘാതം ഉൾപ്പെടെയുള്ള രോഗങ്ങൾ കൂടുതൽ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. ശ്രീചിത്ര തിരുനാൾ ഇൗൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ നേതൃത്വത്തിൽ നടത്തുന്ന സ്ട്രോക്ക് രജിസ്ട്രിയിൽ പക്ഷാഘാത രോഗികളുടെ വർദ്ധനവ് കാണുന്നുണ്ടെങ്കിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പക്ഷാഘാതം ഉള്ള രോഗികളുടെ എണ്ണം കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇതിന്റെ കാരണങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പക്ഷാഘാതത്തെക്കുറിച്ചും അതിലേക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഒരു prospective പഠനം നടത്തുകയും 2018-ൽ അതിന്റെ ആദ്യ വിശകലന റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു. സംസ്ഥാന ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതിയുമായി ചേർന്നു കൊണ്ട് ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് 2019-20 സാമ്പത്തിക വർഷം പ്രാദേശിക തലത്തിൽ പക്ഷാഘാതം നിയന്ത്രിക്കുന്നതിനെക്കുറിച്ച് ഒരു പഠനം തിരുവനന്തപുരം ജില്ലയിൽ നടത്തുകയും അതിന്റെ പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പക്ഷാഘാത ചികിത്സയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | പക്ഷാഘാതത്തിന്റെ ചികിത്സയ്ക്കായി കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്റർ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. CT, CT Angiogram സ്ഥാപിച്ച് കഴിഞ്ഞു. പ്രത്യേകം സ്ട്രോക്ക് ഐ.സി.യു രണ്ടു മാസത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കും. സ്ട്രോക്കിനു വേണ്ടി Neurointervention ഈ വർഷം അവസാനത്തോടു കൂടി പ്രവർത്തന സജ്ജമാകും. കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ സ്ട്രോക്ക് സെന്റർ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും Medicine വിഭാഗത്തിലും Neuro Medicine വിഭാഗത്തിലും പക്ഷാഘാതത്തിനു ആവശ്യമായ പരിശോധനകളും ചികിത്സകളും നൽകുന്നുണ്ട്. പക്ഷാഘാത ചികിത്സയ്ക്കായി സംസ്ഥാന ജീവിത ശൈലീ പദ്ധതിയുടെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ കീഴിൽ ആരോഗ്യ വകുപ്പിലെ ഫിസിഷ്യൻമാർക്ക് പ്രത്യേക പരിശീലനം നൽകുകയും എല്ലാ ജില്ലാ ആശുപത്രികളിലും സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. Stroke Identification rehabilitation Awareness and Stabilisation Programme (SIRAS) എന്ന പേരിൽ ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ 9ജില്ലാ ആശുപത്രികളിൽ പൂർണ്ണ തോതിൽ പ്രവർത്തിച്ചു വരുന്നു. പക്ഷാഘാത രോഗികൾക്ക് നൽകി വരുന്ന ത്രോംബോലൈസിസ് ചികിത്സയ്ക്ക് ആവശ്യമായ Tissue Plasminogen Activator Actilyse എന്ന വിലയേറിയ മരുന്ന് കെ.എം.എസ്.സി.എൽ വഴി സംഭരിക്കുകയും സൗജന്യമായി ഈ കേന്ദ്രങ്ങളിലൂടെ രോഗികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും stroke rehabilitazion സെന്ററുകൾ ആരംഭിക്കുകയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലൂടെ സ്ട്രോക്ക് ഫിസിയോ തെറാപ്പി നൽകുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ